## കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് എറണാകുളം

എഫ്1- 15046//2017 തീയതി-13.08.2018

### സർക്കുലർ നമ്പർ 27 /2018-19

വിഷയം - സംസ്ഥാന സർക്കാർ ജീവനക്കാർക്ക് സർക്കാർ അനുവദിച്ച ബോണസ് / പ്രത്യേക ഉത്സവ ബത്ത/സമാശ്വാസ പെൻഷൻ കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിലെ ജീവനക്കാർക്കും വിതരണം ചെയ്യുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച്.

സൂചന- 1) 06.08.1988 തീയതിയിലെ 28 -ാം മത് ബോർഡ് യോഗത്തിലെ 14- ാം നമ്പർ തീരുമാനം.

2) 08.08.2018 ലെ സ.ഉ. (അച്ചടി) നമ്പർ 107/2017/ ധന നമ്പർ സർക്കാർ ഉത്തരവ്.

3) കേരള ചുമട്ടുതൊഴിലാളി ചട്ടം (1981) റൂൾ 15(3) ( സി).

4) 09.08.2018 ലെ സ.ഉ. (പി) നം. 125/2018/ധന നമ്പർ ഉത്തരവ്.

മേൽ സൂചന (2) സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെ നിലവിൽ പ്രാബല്യത്തിലുള്ള ശമ്പള സ്കെയിലുകളിൽ പരിഷ്കരണത്തിന് ശേഷം 31.03.2018 ൽ 26,000/- രൂപയോ അതിൽ കുറവോ, പരിഷ്കരണത്തിന് മുമ്പ് 31.03.2018 ൽ 25,000/- രൂപയോ, അതിൽ കുറവോ "ആകെ വേതനം" കൈപ്പറ്റുന്ന സംസ്ഥാനത്തെ എല്ലാ സർക്കാർ ജീവനക്കാർക്കും 2017-2018 ലെ ബോണസ് 4,000/- രൂപ നിരക്കിൽ നിബന്ധനകൾക്ക് വിധേയമായി വരുന്ന ഓണത്തിന് മുമ്പായി നൽകുവാൻ ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ സൂചന (3), (4) എന്നിവ പ്രകാരം ചീഫ് എക്സിക്യൂട്ടീവിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച്, താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിലും ബോണസ്/ പ്രത്യേക ഉത്സവ ബത്ത എന്നിവ അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

1) പ്രതിമാസം 4,000/- രൂപയിൽ അധികവും എന്നാൽ 26,000/- (പുതിയ സ്കെയിൽ ) 25,000/- (പഴയ സ്കെയിൽ )രൂപയിൽ അധികരിക്കാത്തതുമായ "ആകെ വേതനം" കൈപ്പറ്റുന്നവർക്ക് (പ്രതിമാസ വേതനം) 4,000/- രൂപ എന്ന തോതിൽ ബോണസ് കണക്ക് കൂട്ടേണ്ടതാണ്. 31.03.2018- നോ അതിന് മുമ്പോ പരിഷ്കരിച്ച ശമ്പള സ്കെയിൽ ഓപ്റ്റ് ചെയ്ത ജീവനക്കാരുടെ കാര്യത്തിൽ "ആകെ വേതനം" എന്നാൽ അടിസ്ഥാന ശമ്പളം, വ്യക്തിഗത വേതനം, പ്രത്യേക ബത്ത, പ്രത്യേക വേതനം, വ്യക്തിഗത ബത്ത എന്നിവയും പരിഷ്കരിച്ച ശമ്പള സ്കെയിലിലെ 15% ക്ഷാമബത്തയും ചേർന്നതായിരിക്കും. എന്നാൽ വീട്ടുവാടക ബത്തയും മറ്റ് നഷ്ടപരിഹാര ബത്തകളും ഒഴിവാക്കുന്നതാണ്.

പരിഷ്കരണത്തിന് മുമ്പുള്ള ശമ്പള സ്കെയിലിൽ തുടരുന്ന ജീവനക്കാരുടെ കാര്യത്തിൽ "ആകെ വേതനം" എന്നത് മേൽ ഖണ്ഡിക (1) ൽ പരാമർശിച്ചിരിക്കുന്നതുപോലെയും എന്നാൽ അതിൽ നിന്നും വ്യത്യസ്തമായി പരിഷ്കരണത്തിന് മുമ്പുള്ള ശമ്പള സ്കെയിലിലെ അടിസ്ഥാന ശമ്പളത്തിന്റെ 112% ക്ഷാമബത്ത ചേർന്നതും വീട്ടുവാടക ബത്തയും മറ്റ് നഷ്ടപരിഹാരബത്തകളും ഒഴിവാക്കിയതുമാണ്.

3) പ്രത്യേക വേതനത്തിന്റെ (Special Pay) ക്ഷാമബത്തയിലുള്ള കുറവ് സംരക്ഷിക്കുന്നതിനായി അനുവദിച്ചിട്ടുള്ള വ്യക്തിഗത ബത്തയും ഇത്തരം കേസുകളിൽ ബോണസിന് കണക്കാക്കുന്ന ആകെ വേതനത്തിൽ ഉൾപ്പെടുത്തി പരിഗണിക്കേണ്ടതാണ്.

4) മാർച്ച് 2018-ൽ പഠന അവധി, അർദ്ധ വേതനാവധി, ശൂന്യ വേതനാവധി ( K.S.R. Appendix XII പ്രകാരമുള്ള ശൂന്യവേതനാവധി ഒഴികെ) , മുൻകൂർ അവധി എന്നിങ്ങനെയുള്ള അവധിയിലായിരുന്ന ജീവനക്കാരുടെ ബോണസ്, അത്തരം ജീവനക്കാർ അവധിയിൽ പ്രവേശിക്കുന്നതിന് തൊട്ടുമുമ്പ് വാങ്ങിയ വേതനത്തെ അടിസ്ഥാനമാക്കിയായിരിക്കും കണക്കാക്കുന്നത്.

5) 07.06.2018 ലെ സ.ഉ.(അച്ചടി) നമ്പർ 84/2018/ധനം ഉത്തരവ് പ്രകാരം അനുവദിച്ച ക്ഷാമബത്ത നിരക്ക് ആയിരിക്കും ഈ ഉത്തരവിലെ ബോണസ് തുക നിർണ്ണയത്തിന് പരിഗണിക്കുന്നതിനായി ബാധകമാക്കിയിട്ടുള്ളത്.

6) 31.03.2018 ൽ സർവ്വീസിലുള്ളതും, 2017-18 സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 6 മാസമെങ്കിലും തുടർച്ചയായ സർവ്വീസുള്ളതുമായ ജീവനക്കാർക്ക് ബോണസിന് അർഹത ഉണ്ടായിരിക്കുന്നതാണ്. 31.03.2018 നോ അതിന് മുമ്പോ സർവ്വീസ്സിൽ നിന്നും വിരമിച്ചവരോ അല്ലെങ്കിൽ വിടുതൽ വാങ്ങിയവരോ 2017-18 സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 6 മാസം തുടർച്ചയായ സേവനം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ അവർക്കും ബോണസ് / ഉത്സവ ബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

7) 2017-18 സാമ്പത്തിക വർഷത്തിൽ പൂർണ്ണമായോ ഭാഗികമായോ സസ്പെൻഷനിലായിരുന്ന സ്ഥിരം ജീവനക്കാർ ഈ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതിക്കോ അതിന് മുമ്പോ സർവ്വീസിൽ പുനഃപ്രവേശിക്കുകയും സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായോ അർഹമായ അവധിയായോ പരിഗണിച്ച് ആ കാലയളവിലെ ശമ്പളം പൂർണമായും കൈപ്പറ്റുകയും ചെയ്തിട്ടുണ്ടെങ്കിൽ അവർക്ക് ബോണസ്/ ഉത്സവബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

8) 31.03.2018 ൽ സർവ്വീസിലുണ്ടായിരിക്കുകയും 2017-18 സാമ്പത്തിക വർഷത്തിൽ 6 മാസത്തിൽ കുറയാത്ത തുടർച്ചയായ സേവനം ഉണ്ടായിരിക്കുകയും സേവന ഇടവേള വരാതെ പി.എസ്.സി. മുഖേന റഗുലർ നിയമനം ലഭിച്ച പ്രൊവിഷണൽ ജീവനക്കാർക്കും ബോണസ് / ഉത്സവ ബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

9) അന്യത്ര സേവന വ്യവസ്ഥയിൽ ബോർഡിൽ ജോലി ചെയ്യുന്ന ജീവനക്കാർ 2017-18 വർഷത്തിൽ മാതൃവകുപ്പിൽ 6 മാസത്തിൽ കൂടുതൽ സേവനം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ യഥാവിധി ബോണസിന്/ ഉത്സവ ബത്തയ്ക്ക് അർഹരാണെങ്കിൽ മുൻ ഖണ്ഡിക 6- ൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകളിൽ ഇളവ് വരുത്തി അവർ മാതൃവകുപ്പിൽ ജോലിയിൽ തുടരുന്നുവെങ്കിൽ അനുവദനീയമായ നിരക്കിൽ ബോണസ്/ഉത്സവ ബത്ത വിതരണം ചെയ്യേണ്ടതാണ്.

10) 1 മുതൽ 9 വരെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം ബോണസിന് യോഗ്യരല്ലാതാകുന്ന ജീവനക്കാർക്ക് 2750/- രൂപ നിരക്കിൽ പ്രത്യേക ഉത്സവ ബത്തയ്ക്ക് അർഹതയുണ്ട്.

11) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പ്രൊവിഷണലായി നിയമനം ലഭിച്ചതും ഒന്നാം ഓണത്തിന് മുമ്പ് (24.08.2018) സേവനത്തിലുള്ളതും എന്നാൽ നാലാം ഓണത്തിന് മുമ്പ് (27.08.2018) സേവനം അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും വിടുതൽ ചെയ്യപ്പെടാനിടയില്ലാത്തതുമായ ജീവനക്കാർ, അവരുടെ സേവന ദൈർഘ്യം കണക്കിലെടുക്കാതെ പ്രത്യേക ഉത്സവ ബത്തയ്ക്ക് അർഹരാകുന്നതാണ്.

12) ഒന്നാം ഓണത്തിന് മുമ്പ് (24.08.2018) സേവനത്തിൽ ഉണ്ടായിരിക്കുകയും നാലാം ഓണത്തിന് മുമ്പ് (27.08.2018) സേവനത്തിൽ നിന്നും നീക്കം ചെയ്യാനിടയില്ലാത്തതുമായ ദിവസ വേതനാടിസ്ഥാനത്തിലുള്ള ജീവനക്കാർക്ക് 1210/- രൂപ നിരക്കിൽ പ്രത്യേക ഉത്സവ ബത്തയ്ക്ക് അർഹതയുണ്ട്.

13) മറ്റേതെങ്കിലും ബോണസ് ആക്ട് / ആക്ടിന്റെ പരിധിയിൽപ്പെട്ട ബോണസിനോ എക്സ്ഗ്രേഷ്യയ്ക്കോ അതുപോലുള്ള മറ്റ് ആനുകൂല്യങ്ങൾക്കോ യോഗ്യരായിട്ടുള്ളവരും, 31.03.2018 ൽ കേരള സർവ്വീസ് റൂൾസിലെ അപ്പെന്റിക്സ് XII പ്രകാരം വിദേശത്തോ ഇന്ത്യയിലോ ജോലി നേടുന്നതിനോ, അല്ലെങ്കിൽ "ജോയിനിംഗ് സ്പൗസ്" എന്നതിനോ ശൂന്യ വേതനാവധിയിലായിരുന്നവർക്കും ബോണസ് / ഉത്സവ ബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.

14) കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിൽ നിന്നും വിരമിച്ചവരും ബോണസിനോ . ഉത്സവബത്തയ്ക്കോ അർഹതയില്ലാത്തവരും ആയ ജീവനക്കാർക്ക് 1000/- രൂപ നിരക്കിൽ പ്രത്യേക ഉത്സവ ബത്ത നൽകാവുന്നതാണ്. മേൽ സൂചന പ്രകാരമുള്ള സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി വേണം ജില്ലാ കമ്മിറ്റി/ഉപകാര്യാലയങ്ങളിലെ ശമ്പള വിതരണ ഉദ്യോഗസ്ഥർ ബോണസ്/പ്രത്യേക ഉത്സവ ബത്ത അനുവദിക്കേണ്ടത്.

5) ഉപകാര്യാലയങ്ങൾ ജില്ലാകമ്മിറ്റി മുഖേന 2018 ഓണത്തോടനുബന്ധിച്ച് ബോണസ്/പ്രത്യേക ഉത്സവബത്ത ഇനത്തിൽ വിതരണം ചെയ്ത തുക സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സമയബന്ധിതമായി ബോർഡിലേക്ക് അയച്ചുതരേണ്ടതാണ്.

ബോണസ് വിതരണം സംബന്ധിച്ച് നിലവിലുള്ള മറ്റെല്ലാ നിർദ്ദേശങ്ങളും നിബന്ധനകളും മാറ്റമില്ലാതെ പാലിക്കപ്പെടേണ്ടതാണ്. ബോണസ് തുക 14/08/2018 മുതൽ യഥാവിധി വിതരണം ചെയ്യാവുന്നതാണ്.

(ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ് (ഇൻ ചാർജ്ജ്)

**സ്വീകർത്താവ്.**

എല്ലാ ജില്ലാ കമ്മിറ്റി ചെയർമാൻമാർക്കും/പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാനും.

( ജില്ലാ കമ്മിറ്റി ചെയർമാൻ, കമ്മിറ്റിയ്ക്ക് കീഴിലുള്ള എല്ലാ ഉപകാര്യാലയങ്ങൾക്കും ഈ വിഷയത്തിൽ ആവശ്യമായ തുടർ നടപടികൾക്കായി അടിയന്തിര നിർദ്ദേശം നൽകേണ്ടതും, സർക്കുലറിന്റെ പകർപ്പ് അറിവിലേയ്ക്കായി സർക്കുലേറ്റ് ചെയ്യേണ്ടതുമാണ്.

**പകർപ്പ്**

സൂപ്രണ്ട് ക്യാഷ് സെക്ഷൻ/എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ.

സെക്ഷൻ ക്ലർക്ക് ഇ2/സി1 സീറ്റുകൾ.

(അറിവിലേയ്ക്കും ആവശ്യമായ തുടർ നടപടികൾക്കുമായി).

//ഉത്തരവിൻ പ്രകാരം//

Jayaprakash

ജൂനിയർ സൂപ്രണ്ട്(ക്യാഷ്)